**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1913** **11-10-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; | (എ) | കൂത്ത് പറമ്പ് മണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 17.10.2023 തീയ്യതിയിൽ ദർഘാസ് ക്ഷണിക്കുകയും, ആയതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സി.എൽ. മുഹമ്മദ് ഹനീഫ്, കാസർഗോഡ് എന്ന കരാറുകാരനുമായി 20.01.2024 ൽ 4,29,55,589/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ടി പദ്ധതിയിൽ പ്രധാനമായും ഇൻഡോർ സ്റ്റേഡിയം, റീട്ടെനിംഗ് വാൾ, ഇൻഡോർ സ്റ്റേഡിയത്തിലേക്കുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഗ്രൗണ്ട് ഡെവലപ്മെന്റിന്റെ ഭാഗമായി റീട്ടെനിംഗ് വാൾ പ്രവൃത്തി പൂർത്തീകരിക്കുകയും, സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഇൻഡോർ സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ? | (ബി) | കൂത്ത് പറമ്പ് മണ്ഡലത്തിലെ ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 09.03.2024 തീയ്യതിയിൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ആദ്യ ദർഘാസിൽ കരാറുകാരെ ലഭിക്കാത്ത സാഹചര്യത്തിൽ ടി പദ്ധതിയ്ക്ക് 27.04.2024 തീയ്യതിയിൽ പുനർ ദർഘാസ് ക്ഷണിക്കുകയും രണ്ട് കരാറുകാരെ ലഭിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കരാറിൽ L1 കരാറുകാരൻ |

| | | | |
|---|---|---|---|
| | | | 3,92,77,722/- രൂപയും L2 കരാറുകാരൻ - 4,63,22,059/- രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ L1 കരാറുകാരൻ PEB Structure- ൽ ഉള്ള പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ടി കരാറുകാരന് വർക്ക് ഓർഡർ നൽകിയില്ല. പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയെങ്കിലും L1 കരാറുകാരൻ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ടി പ്രവൃത്തിയ്ക്ക് 06.08.2024 തീയ്യതിയിൽ പുനർ ദർഘാസ് ക്ഷണിക്കുകയും അതിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. അബ്ദുൾ ഷെരീഫ്, കാസർഗോഡ് എന്ന കരാറുകാരന് 04.10.2024 തീയ്യതിയിൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ